# MEDIA COMMISSION
# KNANAYA CATHOLIC MISSIONS UK

***Ref. MC10/2023*** ***Date: 23/11/2023***

**കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന് നാളെ (24/11/2023) മാഞ്ചസ്റ്ററിൽ ഉജ്ജ്വല സ്വീകരണം.**

ക്നാനായ കാത്തലിക് മിഷൻസ് യു.കെ. യുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മിഷനിലെ കുടുംബങ്ങളെ നേരിൽക്കണ്ട് ആശയ വിനിമയം നടത്തുന്നതിനും ക്നാനായ കാത്തലിക് മിഷൻസ് പ്രതിനിധി സംഗമത്തിൽ സംബന്ധിക്കുന്നതിനുമായി എത്തുന്ന മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന് നാളെ മാഞ്ചസ്റ്റർ എയർപോർട്ടിൽ ഉജ്ജ്വല സ്വീകരണം നൽകും. ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയിൽ, ക്നാനായക്കാരുടെ അധിക ചുമതലയുള്ള വികാരി ജനറലായ ഫാ. സജി മലയിൽപുത്തൻപുരയിൽ, സെന്റ് മേരീസ് ക്നാനായ കാത്തലിക് മിഷൻ & സെന്റ് പയസ് ടെൻത് ക്നാനായ കാത്തലിക് മിഷൻ അസിസ്റ്റൻറ് ഡയറക്ടർ ഫാ. അജൂബ് തോട്ടനാനിയിൽ എന്നിവരുടെ നേതൃത്വത്തിൽ കൈകാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും വേദപാഠ പ്രതിനിധികളും ചേർന്ന് മാഞ്ചെസ്റ്റർ എയർപോർട്ടിൽ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിനെ സ്വീകരിക്കും.

കൊച്ചു പിതാവിൻ്റെ മിഷൻ സന്ദർശനത്തെ യു.കെ. യിലെ ക്നാനായ ജനത ആവേശത്തോടെയാണ് ഉറ്റു നോക്കുന്നത്. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിൻ്റെ സന്ദർശനവുമായി ബന്ധപ്പെട്ട് ഓരോ മിഷനുകളിലും വിവിധതരത്തിലുള്ള സ്വീകരണ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. ശനിയാഴ്ച മാഞ്ചസ്റ്ററിലും ലിവർപൂളിലും ആണ് മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിൻ്റെ ഒരു മാസം നീണ്ടുനിൽക്കുന്ന മിഷൻ സന്ദർശനം ആരംഭിക്കുന്നത്. നവംബർ 26 ന് ക്രൈസ്റ്റ് ദ കിംഗിൻ്റെ തിരുനാളിന് ബർമിംങ്ഹാമിലും, ഡിസംബർ 3 ന് സെന്റ് തോമസ് ക്നാനായ മിഷൻ ഉത്ഘാടനത്തിന് ലീഡ്സിലും മുഖ്യകാർമികത്വം വഹിക്കുകയും, ഡിസംബർ 9 ന് ക്നാനായ മിഷൻ പ്രതിനിധികളുടെ വിശേഷാൽ സമ്മേളനത്തിൽ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്യും. ഇതിനിടയിൽ മറ്റു ക്നാനായ മിഷനുകൾ സന്ദർശിച്ച് ഡിസംബർ 17ന് ഹോളി ഫാമിലി ക്നാനായ കാത്തലിക് മിഷൻ സ്ലോട്ട് ലാൻഡിൽ ആണ് സമാപിക്കുന്നത്.

ക്രിസ്തുമസ്സിനു മുന്നോടിയായിയുള്ള അഭിവന്ദ്യ കൊച്ചു പിതാവിൻ്റെ സന്ദർശനം അവിസ്മരണീയമാക്കുവാൻ ഓരോ മിഷനിലെയും അംഗങ്ങൾ പ്രാർത്ഥനാപൂർവ്വം പിതാവിനെ സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുകയാണ്.

**Fr Jose Thekkunilkkunnathil**
(Convener)
Media Commission
Knanaya Catholic Missions, UK

**Mr Tommy Padapurackal**
(Secretary)

**Members:** Fr Shanju Kochuparambil, Dn Anil Lukose, Mr George Pattiyal

Media Commission Knanaya Catholic Missions UK